LIBRARY ARCHIVES Kerala Legislative Assembly

INDEPENDENT POWER PROJECTS (IPP) ആയി അനുവദിച്ചു നൽകിവരുന്നുണ്ട്. 2012-ൽ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം രൂപീകരിക്കുകയും, 2014-15 കാലയളവിൽ 110 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 25 (CPP & IPP) പദ്ധതികളും, 2016-17 കാലയളവിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 (IPP only) ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതിയും സർക്കാർ നൽകുകയുണ്ടായി. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം നിറവേറ്റുന്നതിന് സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി 3 വർഷത്തിനുള്ളിൽ 1,000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്ന 'ഊർജ്ജകേരളമിഷൻ' പരിപാടിയോടനുബന്ധിച്ച് മൻസർക്കാർ ആരംഭിച്ച 'സൗര' പദ്ധതി പൂർത്തിയാക്കും. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജപാനലുകൾ സ്ഥാപിക്കുന്നതിൽ നിന്ന് ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും, ജലോപരിതലത്തിലും സൗരോർജ്ജപ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം, അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കാറ്റിൽനിന്നും അതുപോലെ പുനരുപയോഗ ഊർജ്ജസ്രോതസ്സായ ഹൈഡ്രജൻ ഇന്ധനം ഉപയോഗിച്ചും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം

231 (1961) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര യൂണിറ്റ് വൈദ്യുതിയാണ് ശരാശരി പ്രതിദിന ഉപഭോഗത്തിന് വേണ്ടിവരുന്നത്?

2021 ജൂലൈ മാസം 21-ാം തീയതി വരെയുള്ള ഈ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം ഏകദേശം 67.11 ദശലക്ഷം യൂണിറ്റാണ്.

(ബി) എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്ത് പ്രതിദിനം ഉല്പാദിപ്പിക്കുന്നത്?

2021 ജൂലൈ മാസം 21-ാം തീയതി വരെയുള്ള ഈ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉത്പാദനം 29.47 ദശലക്ഷം യൂണിറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം കേന്ദ്ര പൂളിൽ നിന്നും ലഭിക്കേണ്ടതെന്നും എന്നാൽ നിലവിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭ്യമാകുന്നതെന്നും അറിയിക്കുമോ?

കേന്ദ്രപൂളിൽ നിന്നും കേന്ദ്ര വിഹിതമായി പ്രതിദിനം ഏകദേശം 37.8 ദശലക്ഷം യൂണിറ്റാണ് ലഭിക്കേണ്ടത്. എന്നാൽ വാർഷിക അറ്റകുറ്റപ്പണികൾ മൂലവും യന്ത്രത്തകരാറുകൾ മൂലവും ഉണ്ടാകുന്ന കുറവുകൾ കാരണം സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാകുന്നത് ഏകദേശം 32.73 ദശലക്ഷം യൂണിറ്റ് ആണ്.

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ എത്ര ശതമാനം വീതമാണ് ഓരോ സ്രോതസ്സുകളിൽ നിന്നും പ്രതിദിനം ലഭ്യമാകുന്നത്?

2021 ജൂലൈ മാസം 21 വരെയുള്ള ഈ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് വിവിധ സ്രോതസ്സുകളിൽ നിന്നും പ്രതിദിനം ലഭ്യമാകുന്ന വൈദ്യുതിയുടെ ശതമാന കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ഓരോ സ്രോതസ്സിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ശരാശരി പ്രതിദിന ഉല്പാദനച്ചെലവ് യൂണിറ്റടിസ്ഥാനത്തിൽ വിശദമാക്കുമോ?

2019-20 സാമ്പത്തിക വർഷങ്ങളിലെ കണക്ക് പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ വൈദ്യുതോല്പാദന നിലയങ്ങളിൽനിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഏകദേശം 1.08 രൂപ ചെലവു വരും.

വൈദ്യുതി ചാർജ്ജിൽ ഇളവ്

232 (1962) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ വ്യാപാര പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതുമൂലം വരുമാനം നഷ്ടപ്പെട്ട് കടക്കെണിയിലായിരിക്കുന്ന വ്യാപാരികൾക്ക് വൈദ്യുതിചാർജ്ജ് അടയ്ക്കേണ്ടി വരുന്നത് സാമ്പത്തികപ്രതിസന്ധിയുണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

കോവിഡ് മഹാമാരി സംസ്ഥാനത്തെ വ്യാപാരമേഖലയിൽ ആഘാതം സൃഷ്ടിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കിലാണ് എല്ലാ വിഭാഗം ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനം തടയുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിക്കിടയാക്കിയിട്ടുള്ള ഒട്ടനവധി കാരണങ്ങളുണ്ട്. എന്നാൽ വൈദ്യുതിചാർജ്ജ് മൂലമുള്ള സാമ്പത്തികാഘാതം കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ ഇളവുകൾ നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.